**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5566** **15-03-2023 - ൽ മറുപടിയ്ക്ക്**

**പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. നന്ദകുമാർ | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) |

(എ) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രമം പദ്ധതിയുടെ സംസ്ഥാനതല യോഗത്തിൽ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിക്കാൻ മലപ്പുറം ജില്ലയിലെ ഏതെല്ലാം പദ്ധതികളാണ് അംഗീകരിച്ചതെന്നും അവയുടെ പേരും തുകയും സംസ്ഥാനതല മുൻഗണനാക്രമവും അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; ഇങ്ങനെ സമർപ്പിക്കപ്പെട്ട പദ്ധതികളിൽ സർക്കാർ സ്ഥാപനങ്ങളുടേതല്ലാത്ത എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നുവെന്ന് അറിയിക്കാമോ;

(എ) **പ്രധാൻമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയുടെ സംസ്ഥാനതല സമിതി അംഗീകരിച്ച കേന്ദ്ര സർക്കാരിലേയ്ക്ക് സമർപ്പിച്ച മലപ്പുറം ജില്ലയിലെ പദ്ധതികളുടെ വിവരവും മുൻഗണനാക്രമവും ചുവടെ കൊടുക്കുന്നു**

| Sl No. | Project Description | Project Cost (Amount in lakh) |
|---|---|---|
| 1 | Construction of Boys Hostel Building at Mylady in Nilambur Block, Chaliyar GP | 1850.00 |
| 2 | Construction of Building for BUDS School in Ayiroor, Perumpadappu GP | 68.00 |
| 3 | Construction of Library Building at Mylady in Nilambur Block, Chaliyar GP | 1500.00 |

**സർക്കാർ വകുപ്പുകളോ തദ്ദേശഭരണ സ്ഥാപനങ്ങളോ നിർദ്ദേശിക്കാത്തതും ബന്ധപ്പെട്ട ഭരണവകുപ്പ അംഗീകാരം നല്കാത്തതുമായ പ്രൊജെക്റ്റുകളൊന്നും ഇതിൽ ഉൾപ്പെട്ടിട്ടില്ല**

(ബി) ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന പ്രസ്തുത പദ്ധതിയിലേക്ക് സർക്കാർ സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾ മാത്രമാണോ

(ബി) പ്രധാനമന്ത്രി ജൻ വികാസ് കാര്യക്രം പദ്ധതിയിൽ സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഭൂമിയിലും വഖഫ്

| | | | |
|---|---|---|---|
| | സമർപ്പിക്കാനാകുന്നതെന്നും സ്വകാര്യ, എയ്ഡഡ്, വഖഫ് സ്ഥാപനങ്ങളുടെ പ്രൊപ്പോസലുകൾക്ക് സർക്കാർ സ്ഥാപനങ്ങളുടെ പദ്ധതികളേക്കാൾ മുൻഗണന നല്കാറുണ്ടോയെന്നും വിശദമാക്കാമോ? | | ഭൂമിയിലും സാമൂഹ്യ ആസ്തിവികസനത്തിനുള്ള പ്രോജക്ടുകൾ അനുവദനീയമാണ്.<br><br>ഈ പദ്ധതിയിൽ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ജില്ലാതല സമിതി മുഖേനയും സംസ്ഥാനതലത്തിൽ സർക്കാർ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും (വഖഫ് ബോർഡ് ഉൾപ്പെടെ) ന്യൂനപക്ഷ ക്ഷേമ വകുപ്പിലേക്ക് നേരിട്ടും പ്രോജക്ട് പ്രൊപ്പോസലുകൾ സമർപ്പിക്കാവുന്നതാണ്. ഈ രണ്ട് മാർഗ്ഗത്തിലൂടെയും സമർപ്പിക്കുന്ന പ്രൊപ്പോസലുകൾക്ക് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ അംഗീകാരം നിർബന്ധമാണ്. ബന്ധപ്പെട്ട ഭരണവകുപ്പുകളാണ് അവരുടെ ഭാവിവികസന ലക്ഷ്യം പരിഗണിച്ചുകൊണ്ട് അവരുടെ വകുപ്പുമായി ബന്ധപ്പെട്ടുള്ള പ്രോജെക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നത്. പ്രധാൻ മന്ത്രി ജനവികാസ് കാര്യക്രം പദ്ധതിക്ക് കേന്ദ്രസർക്കാർ പുറപ്പെടുവിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ടും പ്രോജക്ട് ഫീസിബിലിറ്റി നോക്കിയുമാണ് പ്രോജെക്ടുകളുടെ മുൻഗണന നിശ്ചയിക്കുന്നത്. പ്രധാൻ മന്ത്രി ജനവികാസ് കാര്യക്രം പദ്ധതി സർക്കാർ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനുള്ള പദ്ധതിയല്ല, മറിച്ച് ന്യൂനപക്ഷക്ഷേമം ലക്ഷ്യമിട്ടുള്ള സാമൂഹ്യ ആസ്തി സൃഷ്ടിക്കുന്നതിനുള്ള പദ്ധതിയാണ് |

സെക്ഷൻ ഓഫീസർ